ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിന്റെ പ്രവർത്തനം സംബന്ധിച്ച് മലയാളത്തിൽ 210 പ്രചാരണ പുസ്തകങ്ങളും ഇംഗ്ലീഷിൽ 50 പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ കേരളത്തിലെ ജില്ലാ ഇൻഫർമേഷൻ ആഫീസുകളിലേയ്ക്കാണ് അയച്ചിട്ടുള്ളത്. കൂടാതെ ന്യൂഡൽഹി കേരള ഹൗസിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ സെന്ററിലേക്കും പ്രസിദ്ധീകരണങ്ങൾ അയച്ചിട്ടുണ്ട്. പ്രസിദ്ധീകരണങ്ങൾ അയക്കുന്നതിനായി ഇതുവരെ 10.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങൾ സാധാരണയായി സർക്കാർ പ്രസ്സിലും അർദ്ധ സർക്കാർ പ്രസ്സുകളിലുമാണ് അച്ചടിക്കുന്നത്. അതിനാൽ ഇതിലേക്കാവശ്യമായ കടലാസിന്റെ കണക്കുകൾ പ്രത്യേകം കണക്കാക്കിയിട്ടില്ല.

(ഡി) ബാധകമല്ല.

39(44) എക്സ്-സർവീസുകാർക്ക് പെൻഷൻ വർദ്ധനവ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എക്സ് സർവീസുകാർക്ക് 5-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ചുള്ള പെൻഷൻ വർദ്ധനവ് ഇതുവരെ നടപ്പാക്കിയിട്ടില്ലെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതിന്മേൽ സർക്കാർ അടിയന്തിരനടപടി സ്വീകരിക്കുമോ;

(ബി) സൈനിക് ബോർഡുകളിൽ, വിമുക്തഭട സംഘടനാപ്രതിനിധികളെ ഉൾപ്പെടുത്തുക, വിമുക്തഭട കോർപ്പറേഷൻ രൂപീകരിക്കുക തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ച കേരളാ സ്റ്റേറ്റ് എക്സ് സർവീസ് ലീഗിന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഇതിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്.

(ബി) ഉണ്ട്. നിലവിലുള്ള രാജ്യ-ജില്ലാസൈനിക ബോർഡുകളിൽ ആർമി, നേവി, എയർഫോഴ്സ് എന്നീ വിഭാഗങ്ങളിലെ വിമുക്തഭട പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന വിമുക്ത ഭട വികസന പുനരധിവാസ കോർപ്പറേഷൻ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

40(45) കഴക്കൂട്ടം സൈനിക സ്കൂൾ വാർഷിക ഫീസ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കഴക്കൂട്ടം സൈനിക സ്കൂൾ വാർഷിക ഫീസ് 1999-2000 സാമ്പത്തിക വർഷം മുതൽ 14,000 രൂപയിൽ നിന്ന് 25,000 രൂപയായി വർദ്ധിപ്പിക്കുകയും വർഷം തോറും 10 ശതമാനം വീതം എല്ലാ വർഷവും കൂടുതലായി ഈടാക്കുകയും ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർദ്ധിപ്പിച്ച ഫീസ് താങ്ങാനാവാതെ ഈ വർഷം 60-ൽ അധികം കേഡറ്റുകൾ റ്റി.സി. വാങ്ങി പോയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വരുമാനപരിധി ഉയർത്താത്തതു മൂലവും വാർഷിക ഫീസിന് ആനുപാതികമായി സ്കോളർഷിപ്പ് തുക ഉയർത്താത്തതുമൂലവും കുട്ടികൾ കൂട്ടത്തോടെ പിരിഞ്ഞു പോകുന്നത് ഒഴിവാക്കുന്നതിനായി വരുമാന പരിധിയും സ്കോളർഷിപ്പ് തുകയും വർദ്ധിപ്പിക്കുന്നതിന് സർക്കാർ അടിയന്തിരനടപടി സ്വീകരിക്കുമോ;

(ഡി) 1999-2000, 2000-2001 വർഷങ്ങളിലെ വർദ്ധിപ്പിച്ച ഫീസിന്റെ കുടിശ്ശികയായി 20,000 ത്തോളം രൂപ ഉടനെ അടയ്ക്കാൻ സ്കൂൾ അധികൃതർ നോട്ടീസ് അയച്ചിരിക്കുന്ന സാഹചര്യത്തിൽ കുട്ടികൾ കൂട്ടത്തോടെ ടി.സി. വാങ്ങിപ്പോകുന്നത് തടയാനും സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കാനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കേഡറ്റുകൾക്ക് റ്റി.സി. നൽകണമെങ്കിൽ നാളിതുവരെ ലഭിച്ച സ്കോളർ ഷിപ്പ് തുകയും സ്കൂളിൽ നിന്ന് ചെലവായ തുകയും പലിശ സഹിതം തിരിച്ചടയ്ക്കണം എന്ന നിബന്ധനമൂലം കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള സൈനിക സ്കൂൾ സൊസൈറ്റി, രാജ്യത്തെ എല്ലാ സൈനിക സ്കൂളുകളിലെയും വാർഷിക ഫീസ് 1999-2000 വർഷം മുതൽ 14,000 രൂപയിൽ നിന്ന് 20,000 രൂപയായി വർദ്ധിപ്പിക്കുകയും വർഷം തോറും 10% വീതം കൂടുതൽ ഈടാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഡയറ്റിറ് ചാർജിനത്തിൽ ഓരോ കേഡറ്റും 5500 രൂപ നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഈയിനത്തിൽ, 99-2000 വർഷം സംസ്ഥാനസർക്കാർ ഓരോ കേഡറ്റിനും 4125 രൂപ നൽകിയതിനാൽ, ബാക്കി തുകയായ 1375 രൂപയേ കേഡറ്റുകൾ നൽകേണ്ടിയിരുന്നുള്ളൂ.

(ബി) രക്ഷിതാക്കളുടെ അപേക്ഷ പ്രകാരം 31 കേഡറ്റുകൾ പല കാരണങ്ങളാൽ സ്കൂളിൽ നിന്ന് പിരിഞ്ഞു പോയിട്ടുണ്ട്.

(സി,ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ഇ) പരിശോധിക്കുന്നതാണ്.

41(46) ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ക്ഷേമ പദ്ധതികൾ

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly